ജില്ലാക്കോടതി പാലത്തിനു സമീപം തീപിടിത്തം

ഫയർഫോഴ്സിന് എത്തിപ്പെടാനായില്ല; ബക്കറ്റിൽ വെള്ളമെത്തിച്ച് തീകെടുത്തി

ആലപ്പുഴ: ജില്ലാക്കോടതിപ്പാലം നിർമാണം നടക്കുന്നതിനു സമീപമുണ്ടായ അഗ്നിബാധ ബക്കറ്റിൽ വെള്ളമൊഴിച്ചു കെടുത്തി ഫയർഫോഴ്സ്. ഇന്നലെ രാവിലെ പത്തിനായിരുന്നു നഗരത്തിൽ കബീർ പ്ലാസയ്ക്കു പിറകിലായി വൈദ്യുത കേബിളുകൾക്ക് തീപിടിച്ചത്. ജില്ലാ കോടതിപ്പാലത്തിന്റെ സർവീസ് റോഡിന് വീതിയില്ലാത്തതിനാൽ ഫയർഎൻജിന് ഇങ്ങോട്ട് കയറാനായില്ല. തുടർന്നാണ് ബക്കറ്റിൽ വെള്ളമെടുത്ത് ഫയർഫോഴ്സ് തീയണച്ചത്. തീ പടർന്ന ഉടനെ സമീപത്തെ ഹോട്ടലുടമ സുരേഷ് ഫയർഫോഴ്സിൽ വിവരമറിയിച്ചതിനാൽ തീ വൻതോതിൽ പടർന്നില്ല.

സർവീസ് റോഡിന് വീതിയില്ലെന്നും സമീപത്ത വ്യാപാര സമുച്ചയങ്ങളിലോ പ്രദേശത്തോ എന്തെങ്കിലും അത്യാഹിതമുണ്ടായാൽ ആബുലൻസിനോ ഫയർഫോഴ്സിനോ എത്താനാവില്ലെന്നും കാട്ടി നേരത്തെ വ്യാപാരികളും പ്രദേശവാസികളും ധാരാളം പരാതികൾ നൽകിയിരുന്നതാണ്. അതിനു തെളിവാണ് ഇന്നലെയുണ്ടായ അഗ്നിബാധ.

ജില്ലാക്കോടതിപ്പാലം നിർമാണവുമായി ബന്ധപ്പെട്ട് വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി എംഎൽഎക്കു പരാതി നൽകിയിരിക്കുകയാണിവർ.

ജില്ലാകോടതി പാലത്തിന്റെ തെക്കേക്കര പടിഞ്ഞാറു ഭാഗത്ത് നടന്നുകൊണ്ടിരിക്കുന്ന റോഡ് നിർമാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ ഗുരുതരമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

രണ്ടു വർഷം മുൻപ് കളക്ടറുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ഏഴു മീറ്റർ വീതിയിൽ റോഡ് അനുവദിക്കാമെന്ന് ഉറപ്പുനൽകിയിരുന്നതാണ്. എന്നാൽ, ആ വാഗ്ദാനം ലംഘിക്കപ്പെട്ടു. നിരന്തരമായ ആവശ്യങ്ങൾക്കൊടുവിൽ കേവലം രണ്ടു മീറ്റർ വീതി മാത്രമുള്ള വഴിയാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ നടുവിലായി വൈദ്യുതി പോസ്റ്റുകൾ സ്ഥിതിചെയ്യുന്നത് കാരണം ഗതാഗതം തീർത്തും അസാധ്യമാണ്.

ഈ പ്രദേശത്ത് നിരവധി മുതിർന്ന പൗരന്മാർ താമസിക്കുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ആംബുലൻസിനോ ഫയർഫോഴ്സിനോ ഇവിടെ എത്തിച്ചേരാൻ കഴിയില്ല. പ്രദേശത്തെ നാല് ബഹുനില കെട്ടിടങ്ങളുടെ സമീപം 20 അടി ഉയരമുള്ള മതിൽ നിലനിൽക്കുന്നതിനാൽ, അഗ്നിബാധ പോലെയുള്ള അപകടങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനം അസാധ്യമാണ്.

ജില്ലാക്കോടതിപ്പാലം നിർമാണം നടക്കുന്നതിനു സമീപമുണ്ടായ അഗ്നിബാധ ബക്കറ്റിൽ വെള്ളം കോരിയൊഴിച്ച് കെടുത്തുന്നു.

റോഡ് നിർമാണം വർഷങ്ങളായി നീണ്ടുപോകുന്നത് മൂലം ഇവിടത്തെ കച്ചവട സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. നൂറോളം തൊഴിലാളികളുടെ ഉപജീവനമാർഗമാണ് ഇതിലൂടെ നഷ്ടപ്പെടുന്നത്.

വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം

റോഡ് നിർമാണത്തിലെ പ്രധാന തടസം വശങ്ങളിൽ സ്ഥിതിചെയ്യുന്ന വൈദ്യുതി പോസ്റ്റുകളാണ്. ഇവ നിലവിലുള്ള സ്ഥലത്തുനിന്ന് ഏകദേശം നാലടി പുറകിൽ തെക്ക് വശത്തേക്ക് മാറ്റി സ്ഥാപിച്ചാൽ മാത്രമേ റോഡ് പൂർണമായി സഞ്ചാരയോഗ്യമാക്കാൻ സാധിക്കൂ. ഇതിനായി പലതവണ അധികൃതരെ സമീപിച്ചെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

പൊതുജനങ്ങളുടെ മൗലികമായ സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ, വരുന്ന മൂന്നു ദിവസത്തിനുള്ളിൽ അടിയന്തരമായി വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനും ഗതാഗതയോഗ്യമായ ഒരു സർവീസ് റോഡ് ഒരുക്കാനും അടിയന്തര നടപടി ഉണ്ടാവണമെന്ന് വ്യാപാരികൾ നിവേദനത്തിലൂടെ ആവശ്യപ്പെട്ടു.

കേരള പെയിന്റ് ഡീലേഴ്സ് അസോസിയേഷൻ പെയിന്റ് വ്യാപാരികളുടെയും തൊഴിലാളികളുടെയും വീടുകളിൽ നടപ്പിലാക്കുന്ന പെയിന്റ് പ്ലസ് പച്ചക്കറിത്തോട്ടം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റ് കെ.ഐ. നജാഹ് പ്രിയദർശിനിക്ക് മഞ്ഞൾതൈ നൽകി ഉദ്ഘാടനം ചെയ്യുന്നു.

പച്ചക്കറിത്തോട്ടം പദ്ധതിയുമായി ജില്ലയിലെ പെയിന്റ് വ്യാപാരികൾ

ആലപ്പുഴ: ജില്ലയിലെ പെയിന്റ് വ്യാപാരികളുടെയും തൊഴിലാളികളുടെയും വീടുകളിൽ പെയിന്റ് പ്ലസ് പച്ചക്കറിത്തോട്ടം പദ്ധതിക്കു തുടക്കം. കേരള പെയിന്റ് ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.ഐ. നജാഹ് അബിൻ കുമാറിനും പ്രിയദർശിനിക്കും മഞ്ഞൾ തൈ നൽകി ഉദ്ഘാടനം ചെയ്തു.

വ്യാപാരികളുടെ വീടുകളിലേക്കാവശ്യമായ പച്ചക്കറി സ്വന്തമായി ഉത്പാദിപ്പിക്കുകയും പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി വിജയിച്ചാൽ സംസ്ഥാനമെമ്പാടും പെയിനന്റ് പ്ലസ് പച്ചക്കറിത്തോട്ടം നടപ്പിലാക്കും. ജില്ലാ പ്രസിഡന്റ് എ. അമൽ അധ്യക്ഷത വഹിച്ചു. ബെന്നിച്ചൻ കുട്ടൻചിറ, ബി. നൈസാം, സജീവ് തോപ്പിൽ, ഡി. തമ്പാൻ, നൈനാൻ തോമസ്, മായിൻ സിയാദ്, സുരേഷ് ജാനൂസ്, പ്രദീപ്, ബെനഡിക്ട് എഴുനൂറ്റിൽ, ജെ.എച്ച്. ഹാരീസ് തുടങ്ങിയവർ പ്രസംഗിച്ചു.

അമൃത യൂണിവേഴ്സിറ്റിയിൽനിന്ന് രസതന്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ചെന്നിത്തല ചെറുകോൽ നാടാലയ്ക്കൽ വീട്ടിൽ എസ്. ലക്ഷ്മി. വെള്ളത്തിലുണ്ടാകുന്ന അപകടകരമായ രാസവസ്തുക്കളെ ചെടികളിൽനിന്നുള്ള നാനോ കണങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്ത് ശുദ്ധീകരിക്കുന്ന കണ്ടുപിടിത്തത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. മാന്നാർ നായർ സമാജം സ്കൂൾ അധ്യാപകൻ ആർ. അനൂപാണ് ഭർത്താവ്. ആരഭി എ. നായർ ഏക മകളാണ്.

കേബിൾ കഴുത്തിൽ വീണ് വീട്ടമ്മയ്ക്ക് ഗുരുതര പരിക്ക്

തുറവൂർ: ദേശീയപാത നിർമാണത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കേബിളുകൾ സ്ഥാപിക്കുന്ന ജോലിക്കിടെ കേബിൾ കഴുത്തിൽ വീണ് വീട്ടമ്മയ്ക്ക് ഗുരുതരമായി പരിക്കേറ്റു. തിരുമലഭാഗം മകയിരം വീട്ടിൽ അളിതാ ബാബുവിനാണ് പരിക്കേറ്റത്.

തിങ്കളാഴ്ച വൈകിട്ട് 3.45 ഓടെയായിരുന്നു അപകടം. ജോലിക്കിടെ കേബിൾ വീണ് അളിതാ ബാബുവിന്റെ തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും എല്ല് പൊട്ടുകയും ചെയ്തു.

ഉടൻ തുറവൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഛർദ്ദി അനുഭവപ്പെട്ടതിനെ തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. പരിക്ക് ഗുരുതരമായതിനാൽ ശസ്ത്രക്രിയ നടത്തേണ്ടിവരുമെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചത്.

ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാതിരുന്നതാണ് അപകടത്തിനു കാരണമായതെന്ന് പ്രദേശവാസികളും വ്യാപാരികളും ആരോപിച്ചു.

മുട്ടയുടെ മണം പോകാൻ പെർഫ്യൂം; വിദ്യാർഥികൾക്ക് ദേഹാസ്വാസ്ഥ്യം

ആലപ്പുഴ: മുട്ടയുടെ മണം പോകാൻ ക്ലാസ് മുറിയിൽ അടിച്ച പെർഫ്യൂമിന്റെയും അഗർബത്തിയുടെയും ഗന്ധം ശ്വസിച്ച വിദ്യാർഥികൾക്ക് ദേഹാസ്വാസ്ഥ്യം.

ഇന്നലെ ഉച്ചയ്ക്ക് ഒന്നരയോടെ തിരുവമ്പാടി എച്ച്എസ്എസ് സ്കൂളിലാണ് സംഭവം. പത്താംക്ലാസിൽ പഠിക്കുന്ന അഞ്ചു കുട്ടികൾക്കാണ് പ്രശ്നമുണ്ടായത്. ഉച്ചഭക്ഷണത്തോടൊപ്പം കൊണ്ടുവന്ന മുട്ടയുടെ മണം പോകാനാണ് ക്ലാസ് മുറിയിൽ പെർഫ്യൂം അടിക്കുകയും അഗർബത്തി കത്തിക്കുകയും ചെയ്തത്. ഇതോടെ കുട്ടികൾക്ക് തലവേദനയും ഛർദിയും ഉണ്ടാവുകയായിരുന്നു.

ഇതിൽ ഒരു കുട്ടി ബോധരഹിതയാവുകയും ചെയ്തു. തുടർന്ന് അധ്യാപകർ ചേർന്നു വിദ്യാർഥികളെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നില മെച്ചപ്പെട്ട ഒരുകുട്ടിയെ വീട്ടിലേക്ക് പറഞ്ഞച്ചു. ബാക്കി നാലു കുട്ടികളെ ആലപ്പുഴ മെഡിക്കൽ കോളജിലേക്കു മാറ്റി. വിദ്യാർഥികളുടെ ആരോഗ്യനില തൃപ്തികരമാണെന്നു ഡോക്ടർമാർ പറഞ്ഞു.

കള്ളുഷാപ്പിലെ തർക്കം, യുവാവിനെ മർദിച്ചയാൾ അറസ്റ്റിൽ

മാന്നാർ: കള്ളുഷാപ്പിലുണ്ടായ തർക്കത്തെ തുടർന്ന് യുവാവിനെ ക്രൂരമായി മർദിച്ച പ്രതിയെ അറസ്റ്റ് ചെയ്തു. വള്ളക്കാലി മേൽപ്പാടം ചിറ്റാടിയിൽ വീട്ടിൽ വിമൽകുമാറി(41)നെയാണ് മാന്നാർ പോലീസ് പിടികൂടിയത്. മർദനത്തിനുശേഷം ഫോൺ സ്വിച്ച് ഓഫ് ചെയ്ത് രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ സുഹൃത്തിന്റെ ഫോണിലേക്ക് വന്ന ഫോൺ കോൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലൂടെയാണ് പോലീസ് തന്ത്രപരമായി വലയിലാക്കിയത്.

വിമൽകുമാർ

കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് ആറോടെയാണ് സംഭവം നടന്നത്. ഷാപ്പിലുണ്ടായ വാക്കു തർക്കത്തെ തുടർന്ന് പ്രതി കൈയിൽ കരുതിയിരുന്ന ഇടിവള ഉപയോഗിച്ച് യുവാവിനെ ക്രൂരമായി മർദിക്കുകയായിരുന്നു. മുഖത്തും മൂക്കിനും ഗുരുതരമായി പരിക്കേറ്റ യുവാവിനെ ആദ്യം പരുമലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പ്രാഥമിക ചികിത്സയ്ക്കുശേഷം വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളജിലേക്കു മാറ്റി. സംഭവത്തിൽ മാന്നാർ പോലീസ് അന്വേഷണം ആരംഭിച്ചു.

വീയപുരം പോലീസ് സ്റ്റേഷനിൽ പ്രതിക്കെതിരേ മറ്റ് കേസുകൾ നിലവിലുള്ളതായും പോലീസ് പറഞ്ഞു. മാന്നാർ പോലീസ് ഇൻസ്പെക്ടർ എസ്.വി. ബിജു, എഎസ്ഐ റിയാസ്, സിപിഒമാരായ വിനീത്, സുമേഷ് ബാബു എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

സർക്കാർ ഭൂമി കൈയേറി കരിങ്കൽഭിത്തി നിർമാണം: അധികൃതർ തടഞ്ഞു

ഹരിപ്പാട്: പായിപ്പാട് മുണ്ടാർ ഭാഗത്ത് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം സ്വകാര്യവ്യക്തി കൈയേറി കരിങ്കൽഭിത്തി കെട്ടാനുള്ള ശ്രമം അധികൃതർ ഇടപെട്ട് തടഞ്ഞു. സംഭവത്തെത്തുടർന്ന് നിർമാണപ്രവർത്തനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകി. പഴയ റോഡിനും പുതിയ റോഡിനും മധ്യേയുള്ള സർക്കാർ ഭൂമിയാണ് സമീപത്തെ വസ്തു ഉടമ കൈവശപ്പെടുത്താൻ ശ്രമിച്ചത്. ഇവിടെ നിയമവിരുദ്ധമായി കരിങ്കൽഭിത്തി കെട്ടുകയായിരുന്നു.

ഭൂമി കൈയേറ്റം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നാട്ടുകാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിച്ച് പരിശോധന നടത്തി. കൈയേറ്റം ബോധ്യപ്പെട്ടതോടെ സമീപവാസിയായ സ്വകാര്യവ്യക്തിക്ക് നിർമാണപ്രവർത്തനങ്ങൾ അടിയന്തരമായി നിർത്തിവയ്ക്കാൻ ഉദ്യോഗസ്ഥർ സ്റ്റോപ്പ് മെമ്മോ നൽകുകയായിരുന്നു.

വീയപുരം പായിപ്പാട് മുണ്ടാറിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കൈയേറി നിർമിച്ച കരിങ്കൽ ഭിത്തി.

കായൽപ്പുറം സെന്റ് ജോസഫ് യുപി സ്കൂളിൽ പുതിയ സ്മാർട്ട് ക്ലാസ് റൂമിന്റെ ഉദ്ഘാടനം റെജി ചെറിയാൻ എംഎൽഎ നിർവഹിക്കുന്നു.

സ്മാർട്ട് ക്ലാസ് ഉദ്ഘാടനം

മങ്കൊമ്പ്: കായൽപ്പുറം സെന്റ് ജോസഫ് യുപി സ്കൂളിൽ പുതിയ സ്മാർട്ട് ക്ലാസ് റൂമിന്റെ ഉദ്ഘാടനം റെജി ചെറിയാൻ എംഎൽഎ നിർവഹിച്ചു. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കുട്ടനാട് കോ-ഓർഡിനേറ്റർ ജിബിൻ തോമസ് ഇന്ററാക്ടീവ് ബോർഡിന്റെ സ്വിച്ച് ഓൺ നിർവഹിച്ചു. എൽഎസ്എസ് സ്കോളർഷിപ്പ് ജേതാവ് അലോണ ട്രീസാ അനൂപിന് എംഎൽഎ ഉപഹാരം നൽകി.

സ്കൂൾ മാനേജർ സിസ്റ്റർ ആൽഫി അധ്യക്ഷത വഹിച്ചു. സിസ്റ്റർ ഗ്ലാഡിസ്, ജിഷ അരുൺ, സജിനി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഹയർ സെക്കൻഡറി സ്കൂൾ മെറിറ്റ് ഡേ ഉദ്ഘാടനം റെജി ചെറിയാൻ എംഎൽഎ നിർവഹിക്കുന്നു.

മെറിറ്റ് ഡേ നടത്തി

എടത്വ: പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഹയർ സെക്കൻഡറി സ്കൂളിൽ മെറിറ്റ് ഡേ റെജി ചെറിയാൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ. ജോസഫ് ചുളപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ എലിസബത്ത് മാത്യു, സ്റ്റാഫ് സെക്രട്ടറി ബോബൻ തോമസ്, ജില്ലാ പഞ്ചായത്തംഗം മഞ്ചു വിജയകുമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു ഫിലിപ്പ്, പിറ്റിഎ പ്രസിഡന്റ് ജിനു വർഗീസ്, ഹെഡ്മാസ്റ്റർ ജിനോ ജോസഫ്, സെന്റ് സേവ്യേഴ്സ് യുപിഎസ് ഹെഡ്മിസ്ട്രസ് സിസ്റ്റർ ദിവ്യമേരി എന്നിവർ പ്രസംഗിച്ചു. ഹയർ സെക്കൻഡറി പരീക്ഷയിൽ 84 ശതമാനം റിസൾട്ടോടെ കുട്ടനാട്ടിലെ മികച്ച വിജയമാണ് സ്കൂൾ നേടിയത്.

അധ്യാപക ഒഴിവ്

മങ്കൊമ്പ്: അവിട്ടം തിരുനാൾ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് അധ്യാപക താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുമായി 16നു രാവിലെ 10നു സ്കൂൾ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

സെൻസസ് ഡ്യൂട്ടിക്കിടെ നായയുടെ കടിയേറ്റു

ഹരിപ്പാട്: ചിങ്ങോലിയിൽ സെൻസസ് വിവരശേഖരണത്തിനെത്തിയ അധ്യാപികയ്ക്ക് നായയുടെ കടിയേറ്റു. കാർത്തികപ്പള്ളി ഗവ. യുപി സ്കൂൾ അധ്യാപികയായ തൃക്കുന്നപ്പുഴ കൊല്ലംപറമ്പിൽ അജിതക്കാണ് (45) കടിയേറ്റത്. ഇന്നലെ മൂന്നോടെ ചിങ്ങോലി ഒന്നാം വാർഡ് കാവിൽപ്പടിക്കൽ ക്ഷേത്രത്തിന് പടിഞ്ഞാറ് വശമുള്ള വീട്ടിലായിരുന്നു സംഭവം. കാലിനു കടിയേറ്റ അജിതയെ ഉടൻ തന്നെ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എത്തിച്ച് പ്രാഥമിക ശുശ്രൂഷ നൽകി.

കർഷകരുമായി മുഖാമുഖവും സെമിനാറും

എടത്വ: കുട്ടനാട്ടിലെ തണ്ണീർത്തട സംരക്ഷണവും പാരിസ്ഥിതിക വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി എടത്വ സെന്റ് അലോഷ്യസ് കോളജ് രസതന്ത്ര വിഭാഗവും കോഴിക്കോട് സിഡബ്ല്യുആർഡിഎമ്മും സംയുക്തമായി സംഘടിപ്പിക്കുന്ന സെമിനാർ ഇന്ന് രാവിലെ 10 ന് നടക്കും. കോളജിലെ ഫാ. പുന്നപ്പാടം ഹാളിൽ നടക്കുന്ന പരിപാടി റെജി ചെറിയാൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. മാനേജർ ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷത വഹിക്കും.

സിഡബ്ല്യുആർഡിഎം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വി. അനിത മുഖ്യപ്രഭാഷണം നടത്തും. പ്രിൻസിപ്പൽ പ്രഫ. ഡോ. ജി. ഇന്ദുലാൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടിജിൻ ജോസഫ്, പഞ്ചായത്ത് പ്രസിഡന്റ് ആൻസി ബിജോയ്, സംസ്ഥാന തണ്ണീർത്തട അഥോറിറ്റി പ്രതിനിധി ഡോ. ജോൺ സി. മാത്യു എന്നിവർ പ്രസംഗിക്കും. സെമിനാറിന്റെ ഭാഗമായി കർഷകർക്കായി പ്രത്യേക മുഖാമുഖം പരിപാടിയും ഒരുക്കിയിട്ടുണ്ട്. കൃഷിഭവൻ അഗ്രികൾച്ചറൽ ഓഫീസർ ടി.എൽ. സഞ്ജയ് കർഷകരുമായി സംവദിക്കും.

പൂച്ചാക്കൽ പുതിയ പാലം അപകടഭീഷണിയിൽ; തോടിന്റെ കൽക്കെട്ട് തകർന്നു

തകർന്ന സ്ഥലങ്ങളിൽ മണ്ണുനിറച്ച് സുരക്ഷ ഉറപ്പാക്കണമെന്ന് നാട്ടുകാർ

പൂച്ചാക്കൽ: പൂച്ചാക്കൽ പുതിയ പാലത്തിനു താഴെ തോടിന്റെ കൽക്കെട്ട് തകർന്നു. മണ്ണൊലിച്ചുപോകുന്നത് പാലത്തിന്റെ സുരക്ഷിതത്വത്തെ ബാധിക്കുമെന്ന് ആശങ്ക. പാലത്തിന്റെ തൂണുകൾക്കു സമീപം കൽക്കെട്ട് ഇടിഞ്ഞുതാഴ്ന്നത് ഗൗരവമായ സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചിരിക്കുന്നത്.

പാലത്തിന്റെ അടിഭാഗത്തായി കൽക്കെട്ടുകൾ പലയിടത്തും തകർന്ന് വലിയ കുഴികൾ രൂപപ്പെട്ടിട്ടുണ്ട്. ഇനിയും മണ്ണൊലിപ്പ് തുടർന്നാൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ബലക്ഷയത്തിനു കാരണമായേക്കുമെന്ന ഭയത്തിലാണ് നാട്ടുകാർ. ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങളും യാത്രക്കാരുമാണ് പാലത്തിലൂടെ കടന്നുപോകുന്നത്.

മാത്രമല്ല പാലത്തിന് അടിയിലൂടെ തോടരികിലൂടെയുള്ള കാൽനട യാത്രയും ദുഷ്കരമായിരിക്കുകയാണ്. കൽക്കെട്ട് തകർന്ന ഭാഗത്തുകൂടി നടക്കുമ്പോൾ കാൽ താഴ്ന്നുപോകുന്നതായി വഴിയാത്രക്കാർ പറയുന്നു. തോടിന്റെ ഇരുകരകളിലൂടെയും നിരവധിപ്പേർ നിത്യവും നടന്നുപോകുന്നുണ്ട്. പുതിയ പാലത്തിന്റെ പടിഞ്ഞാറ് വശത്ത് നിരവധി വീടുകളും സ്ഥിതി ചെയ്യുന്നുണ്ട്.

ഈ സാഹചര്യത്തിൽ അപകടം സംഭവിക്കുന്നതിന് മുൻപ് അധികൃതർ അടിയന്തരമായി ഇടപെടണമെന്നാണ് നാട്ടുകാരുടെ ആവശ്യം. പാലത്തിന്റെ അടിഭാഗത്തെ തകർന്ന കൽക്കെട്ട് പുനർനിർമിക്കുകയും മണ്ണൊലിപ്പ് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. തകർന്ന സ്ഥലങ്ങളിൽ മണ്ണുനിറച്ച് സുരക്ഷ ഉറപ്പാക്കണമെന്നും നാട്ടുകാർ ആവശ്യപ്പെടുന്നു.

പൂച്ചാക്കൽ പാലത്തിലെ തൂണിന്റെ സമീപത്തെ കൽക്കെട്ട് പൊട്ടിയ നിലയിൽ.

पंजाब नैशनल बैंक punjab national bank

എ. ആർ. എം. ബി, എറണാകുളം, 1–ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം–682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേലവിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇ–ലേല തീയതിയും സമയവും: 04.08.2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	**PNB, ARMB, എറണാകുളം** (1) ശ്രീ. അഹമ്മദ് ഷാനവാസ്. കെ S/o. ഉമ്മർ, കുറുക്കൻ ഹൗസ്, വെള്ളിയൻഞ്ചേരി പോസ്റ്റ് എടപ്പറ്റ, മലപ്പുറം-679326. (2) ശ്രീമതി സനമോൾ കുറുക്കൻ ഹൗസ്, വെള്ളിയൻഞ്ചേരി പോസ്റ്റ് എടപ്പറ്റ, മലപ്പുറം-679326.	ആലപ്പുഴ ജില്ല, കുട്ടനാട് താലൂക്ക്, കൈനകരി വില്ലേജിൽ ബ്ലോക്ക് നം. 9, റീ സർവ്വേ നം. 56/4, സർവ്വേ നം. 269/1A2, 1B, 1C ൽ പെട്ട **12.13 ആർ**, കൂടാതെ ആലപ്പുഴ ജില്ല, കുട്ടനാട് താലൂക്ക്, കൈനകരി വില്ലേജിൽ ബ്ലോക്ക് നം. 9, റീ സർവ്വേ നം. 56/4-3, സർവ്വേ നം. 269/1A2,269/1B, 269/1C ൽ പെട്ട **12.37 ആർ** ആകെ **24.50 ആർ** സ്ഥലവും വസ്തുവിന്റെ പടിഞ്ഞാറുവശത്തുള്ള പാതയുടെ ഉപയോഗവും മറ്റ് സമാന അവകാശങ്ങൾ എന്നിവയ്ക്കൊപ്പം, അഹ